II ഇ.ബി. XII - കേരള നിയമസഭ/VII-1

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ഫെബ്രുവരി 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1.(*1) ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, കേന്ദ്ര ഗവണ്മെന്റിന്റെ നോംസ് അനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗോ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ഒന്നാം ഘട്ടം പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും ഈ രണ്ട് ജില്ലകളിലായി 85,932 കന്നുകാലികളെ ഇതിനകം ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടവും പ്രസ്തുത ജില്ലകളിൽത്തന്നെയാണ് ആരംഭിച്ചിട്ടുള്ളത്. ഇൻഷ്വർ ചെയ്യുന്ന മൃഗങ്ങൾക്കുവേണ്ടി പ്രീമിയം തുകയുടെ 50 ശതമാനം സർക്കാർ സബ്സിഡി കർഷകർക്ക് നൽകുന്നുണ്ട്. ഒരു വർഷത്തെ ഇൻഷ്വറൻസിന് 1.75 ശതമാനവും മൂന്ന് വർഷത്തെ ഇൻഷ്വറൻസിന് 4.47

ശതമാനവുമാണ് നിരക്ക്. കൂടാതെ ഒരു ചെറിയ തുക പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്താൽ മരണപ്പെടുന്ന കന്നുകാലികൾക്ക് അവയുടെ മുഴുവൻ വിലയും അംഗവൈകല്യം വഴി ഉൽപാദനം നഷ്ടപ്പെടുന്ന കാലികളുടെ ഉടമസ്ഥർക്ക് ഇൻഷ്വർ ചെയ്ത തുകയുടെ 75 ശതമാനം വരെയും ലഭിക്കുന്ന തുമാണ്. ഹെൽത്ത് സർട്ടിഫിക്കറ്റ്, പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റ് എന്നിവ യ്ക്കുള്ള ഫീസ് കർഷകർ നൽകേണ്ടതില്ല; ഇത് കമ്പനി നേരിട്ട് നൽകും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ ഇൻഷ്വറൻസ് പദ്ധതി ബാധകമാ ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനമായും കറവയുള്ള പശുക്കളേയും എരുമകളേയും ചില കേന്ദ്രങ്ങളിൽ ആടുക ളേയുമാണ് ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാ നത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഒന്നാം ഘട്ടത്തിന് അനുവദിച്ച അതേ തുക തന്നെയാണ് രണ്ടാം ഘട്ടത്തിനും കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചിട്ടുള്ളത്. മൃഗങ്ങളുടെ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വെറ്ററിനറി ഹോസ്പിറ്റൽസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അത്യുൽപാദനശേഷിയുള്ള ബീജം വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന് അനുയോജ്യമായ രീതിയിലുള്ള ഒരു ബ്രീഡിംഗ് പോളിസി ഉടൻ പ്രഖ്യാപിക്കുന്നതാണ്. ക്ഷീര കർഷകർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് അവരെ പ്രോൽസാഹിപ്പിക്കാനുള്ള നയമാണ് സ്വീകരിച്ചിരിക്കുന്നത്. അവർക്ക് ക്ഷേമ നിധി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ക്ഷീരോൽപാദനം വർദ്ധിപ്പിക്കുക

എന്ന ലക്ഷ്യത്തോടുകൂടി ഒട്ടേറെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാലുൽപാദനം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് പാൽ അടിസ്ഥാനമാക്കി മറ്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി ലാഭകരമായി നടത്താൻ ആധുനികരീതിയിലുള്ള ഹൈടെക് ഡയറി ഫാമുകൾ രൂപീകരിക്കാനും ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലിന് മൂന്ന് തവണ വില കൂട്ടുകയുണ്ടായി. പച്ചപ്പുൽ കൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് ഒരു ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഗോ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയിലുള്ള തട്ടിപ്പുകൾ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒരു കോടി രൂപയുടെ ആനുകൂല്യം കഴിഞ്ഞ ഒരു വർഷം കൊടുത്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും രോഗം ബാധിച്ച കന്നുകാലികളെ കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. പ്രൈമറി ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്ത ക്ഷീര കർഷകരെക്കൂടി ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പുതുതായി കാലിത്തീറ്റ ഫാക്ടറികൾ ആരംഭിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. എരുമ വളർത്തലിനേയും പ്രോൽസാഹിപ്പിക്കുന്നതാണ്. ഗ്രൂപ്പ് ഫാമിംഗ് പോലെ cattle ഫാമുകൾ തുടങ്ങാൻ പറ്റുമോ എന്നുള്ള കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വിദർഭ സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിക്കൊടുത്തിട്ടുള്ള പശുക്കളെക്കൂടി ഈ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ട്. കച്ചി സംഭരിച്ച് കാലിത്തീറ്റയാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. യീൽഡുള്ള കന്നു

കാലികളെ സംരക്ഷിക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ ലക്ഷ്യമെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

2(*2) ജില്ലാ കേന്ദ്രങ്ങളിൽ സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ടെക്നോ പാർക്കും ഇൻഫോപാർക്കും നിലവിലുള്ള തിരുവനന്തപുരവും എറണാകു ളവും ഒഴികെ ബാക്കി ജില്ലകളിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശ മുണ്ടെന്നും ഇതുസംബന്ധിച്ച് മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ്കൂപ്പേഴ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഐ.ടി.ഐ) എന്നപേരിൽ ഒരു കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പാർക്കുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ സംബന്ധിച്ച് ജില്ലാ ഭരണകൂടങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. ഇതിലേയ്ക്കുവേണ്ടി ഈ വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 10 കോടി രൂപ Additional Central Assistance ആയതുകൊണ്ട് അത് അനുവദിച്ചുതരാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിന് ഇപ്പോൾത്തന്നെ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ചുരുങ്ങിയത് 50 ഏക്കർ സ്ഥലം, രാജ്യാന്തര വിമാനത്താവളങ്ങളുടെ സാമീപ്യം, റെയിൽ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, നിക്ഷേപ സന്നദ്ധരുടെ ലഭ്യത, പാർപ്പിട സൗകര്യം, ജലലഭ്യത, പ്രവർത്തന മൂലധനം

ഇങ്ങനെയുള്ള വിവിധ പരിഗണനകൾ വച്ചുകൊണ്ടാണ് ഐ.ടി. പാർക്കുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഐ.ടി. മേഖലയിൽ തൊഴിലവസര ങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്. അടുത്ത മൂന്നുവർഷത്തിനുള്ളിൽ ഈ മേഖലയിൽ ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങൾ ലഭ്യമാകുമെ ന്നാണ് കരുതപ്പെടുന്നത്. തലസ്ഥാനത്ത് ടെക്നോസിറ്റി സ്ഥാപിക്കുന്നതി ലേയ്ക്ക് ഏറ്റെടുക്കാൻ ഭരണാനുമതി നൽകിയിട്ടുള്ള 507 ഏക്കർ ഭൂമിയിൽ 204 ഏക്കർ ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. ബാക്കി 303 ഏക്കർ സ്ഥലവും കൂടി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടെക്നോസിറ്റി പദ്ധതിയും കെ.എസ്.ഐ.ടി.ഐ. ലിമിറ്റഡ് എന്ന കമ്പനി വഴി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.ടി. വകുപ്പും ഇൻഡസ്ട്രീസ് വകുപ്പും ചേർന്ന് ഇതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ അവ ഗൗരവമായി പരിശോധിക്കുന്നതാണ്. ആലപ്പുഴ, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, കോഴി ക്കോട്, കൊല്ലം എന്നീ ജില്ലകളിൽനിന്നും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്ന തിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിൽ ധാരാളം സ്വകാര്യ നിക്ഷേപത്തിനുള്ള സാധ്യതയുണ്ട്. എൻ.ആർ.ഐ. ഉൾപ്പെടെ യുള്ള നിക്ഷേപ സാദ്ധ്യത ഇക്കാര്യത്തിൽ ഉപയോഗിക്കുന്നത് നന്നാ യിരിക്കും. ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ ജില്ലയായ കോഴിക്കോടുള്ള നെല്ലിക്കോട് 68 ഏക്കർ സ്ഥലം ഏറ്റെടുക്കു ന്നതിന് ആവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ ആയിക്കഴിഞ്ഞു. സംസ്ഥാനത്ത് ഐ.ടി. പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഐ.ടി. പ്രോജക്ട് ആരംഭിക്കണമെങ്കിൽ കെ.എസ്.ഐ.

ടി.ഐ.യുടെ അനുമതി ആവശ്യമാണ്. ഐ.ടി. പദ്ധതികൾക്ക് ഐ.ടി വകുപ്പാണ് അനുമതി നൽകേണ്ടതെന്നും ഐ.ടി. വകുപ്പ് അംഗീകരിച്ചതിനു ശേഷം മാത്രമേ അപേക്ഷകൾ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് റെക്കമെന്റ് ചെയ്യാറുള്ളൂവെന്നും എച്ച്.ഡി.ഐ.എൽ. കമ്പനിക്ക് യാതൊരുവിധ അനുമതി യോ, റെക്കമെന്റേഷനോ വ്യവസായ വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്നും ഒരുപചോദ്യത്തിനു മറുപടിയായി വ്യവസായ വകുപ്പു മന്ത്രി വ്യക്തമാക്കി. വളരെയധികം സാധ്യതയുള്ള നാനോ ടെക്നോളജി രംഗം വികസിപ്പിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് റവന്യൂ വകുപ്പിനുമുമ്പിൽ ചില നിർദ്ദേശ ങ്ങൾ ഐ.ടി. വകുപ്പ് വച്ചിട്ടുണ്ട്. ചില ജില്ലകളിൽ സ്ഥലം മാർക്ക് ചെയ്തു കൊടുത്തിട്ടുണ്ടെന്നും ജില്ലാകളക്ടർമാരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതായിരിക്കുമെന്നും ഒരുപചോദ്യത്തി നുത്തരമായി മന്ത്രി വ്യക്തമാക്കി.

3(*3 *8 &*12) <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭക്ഷ്യവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നത് സുഗമമാക്കുവാനും വിലക്കയറ്റം തടയുന്നതിനും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം 2400 ഔട്ട്ലെറ്റുകൾ വഴി 13 അവശ്യ സാധനങ്ങൾ കഴിഞ്ഞ 18 മാസമായി വിലവർദ്ധനവില്ലാതെ വിതരണം ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റ്

അനുവദിച്ചു നൽകുന്ന റേഷൻ സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഗുണനിലവാരം ഉറപ്പാക്കിയും അളവിലും തൂക്കത്തിലും കൃത്യത പാലിച്ചും കാര്യക്ഷമമായി വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് രൂപ നിരക്കിൽ 20 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് അരി നൽകിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2007 ആഗസ്റ്റ്, ഡിസംബർ,. 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് 51000 മെട്രിക് ടൺ അരിയും 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെ 77778 മെട്രിക് ടൺ ഗോതമ്പും അഡീഷണലായി കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞു. ആയത് പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നു. പൊതുവിപണിയിലുണ്ടായ വിലവർദ്ധന നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴിയും എ.ആർ.ഡി. ശബരി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ (7%-30% വരെ) സാധാരണ ജനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന കുറഞ്ഞ വിലയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 64 പുതിയ വിൽപ്പനശാലകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സൂപ്പർമാർക്കറ്റുകൾ ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഇവ കൂടാതെ ആദിവാസി/തീരദേശ നിവാസികളുടെ ഉന്നമനത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തനം നടത്തിവരുന്നുണ്ട്.

ഉത്സവകാലങ്ങളിൽ ഉണ്ടായേക്കാവുന്ന വിലവർദ്ധന, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ കർശനമായി തടയുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇടപെടൽമൂലം അവശ്യ സാധനങ്ങളുടെ പൊതുവിപണിയിലെ വിലനിലവാരം വർദ്ധിക്കുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപരിയായി വിലവർദ്ധനവുണ്ടാകുന്ന സമയങ്ങളിൽ സ്പെഷ്യൽ ഫെയറുകളും സംഘടിപ്പിക്കുന്നുണ്ട്. പച്ചക്കറി, മത്സ്യമാംസാദികൾ മറ്റു ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങൾ തുടങ്ങിയവ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പീപ്പിൾസ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. അരിവില വർദ്ധിച്ച സമയത്ത് പ്രത്യേക അരിക്കടകൾ, മൊബൈൽ അരിക്കട സപ്ലൈകോ വില്പനശാലകൾ എന്നിവ വഴി 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം നടത്തിയിട്ടുണ്ട്. ആദിവാസി, തീരദേശ മേഖലകളിലും ഇപ്രകാരമുള്ള വിതരണം നടന്നുവരികയാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എല്ലാ ജില്ലകളിലും റെയ്ഡുകളും റേഷൻ അദാലത്തുകളും പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിലക്കയറ്റം ഒരുപരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവശ്യസാധന നിയന്ത്രണ നിയമം അനുസരിച്ചാണ് പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. 2002-ലെ കേന്ദ്രസർക്കാരിന്റെ ഉത്തരവനുസരിച്ച് ഏതൊരു വ്യക്തിക്കും അവശ്യസാധനങ്ങൾ യഥേഷ്ടം വാങ്ങാനും സംഭരിക്കാനും വിൽക്കാനും അവകാശമുണ്ട്. അതിനാൽ ആവശ്യത്തിലധികം സ്റ്റോക്ക് ചെയ്യുകയോ പൂഴ്ത്തിവയ്ക്കുകയോ

ചെയ്യുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ഇന്ന് നിയമപരമായ തടസ്സങ്ങൾ ഉണ്ട്. അതിനായി സംസ്ഥാന സർക്കാർ ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിച്ചുവരുന്നു. സ്വകാര്യ കുത്തക കമ്പനികൾ അവശ്യ സാധനങ്ങൾ വൻതോതിൽ വാങ്ങിക്കൂട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനുള്ള നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാന സർക്കാർ അതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യവ്യക്തികൾക്ക് വാടകയ്ക്ക് നൽകിയെന്ന റിപ്പോർട്ട് പൂർണ്ണമായും ശരിയല്ല. എന്നാൽ കേരളത്തിലെ കർഷകർക്ക് അവരുടെ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാൻ എഫ്.സി.ഐ. ഗോഡൗണുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 2007-08 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം പ്രകാരം 35 കോടി രൂപ സബ്സിഡിയായി നൽകി. കൂടാതെ 16-2-2008 വരെ അരിക്കടകൾ നടത്തുന്നതിലേയ്ക്കായി മൂന്ന് കോടി രൂപയും നൽകി. ഇപ്പോൾ 4.08 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ വില വർദ്ധനവ് നിയന്ത്രണാധീനമാണ്. 1966 മുതൽ പൊതുവിതരണ രംഗത്തെയാണ് കേരളത്തിലെ ജനങ്ങൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇപ്പോൾ പൊതുവിതരണരംഗത്ത് വിതരണം ചെയ്യാനാവശ്യമായ ഭക്ഷ്യധാന്യം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നില്ലെന്നും നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി എല്ലാ പരിമിതികൾക്കുള്ളിലും സംസ്ഥാന ഖജനാവിൽനിന്നും ഗണ്യമായ

തുക സബ്സിഡി നൽകുന്നുണ്ടെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

4 (* 9) <u>മെട്രോ റെയിൽവേയും സബർബൻ ട്രെയിൻ സർവ്വീസും</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കൊച്ചിയിൽ ഒരു എലിവേറ്റഡ് ലൈറ്റ് മെട്രോ റെയിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടെന്നും ഡി.എം.ആർ.സി.യും കേന്ദ്ര ഗവണ്മെന്റുമായി ചർച്ചകൾ നടന്നുവരുന്നുണ്ടെന്നും അറിയിച്ചു. കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സബർബൻ റെയിൽവേ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

5 (*10 & *17) <u>വിദേശ മലയാളികൾക്കുള്ള ക്ഷേമ പദ്ധതികൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസി കേരളീയർക്കായി ഒരു ക്ഷേമനിധി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതുസംബന്ധിച്ചുള്ള കരട് ബിൽ പരിശോധനയിലാണെന്നും അറിയിച്ചു. കൂടാതെ പ്രവാസി കേരളീയർക്കായി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിദേശത്ത്നിന്ന് തിരിച്ചെത്തിയ പ്രവാസികൾക്കായി സാന്ത്വന പദ്ധതിപ്രകാരം ഇതുവരെ 252 അപേക്ഷകർക്ക് 25,50,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. എമർജൻസി റിപ്പാട്രിയേഷൻ ഫണ്ടിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4,31,219 രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളത്. വിദേശത്ത് ജോലി നഷ്ടപ്പെട്ട്

നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾ നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകാനാഗ്രഹിക്കുന്നവർക്കും അവിടങ്ങളിൽ നിന്നും തിരിച്ചെത്തുന്നവർക്കും വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യം മെച്ചപ്പെടുന്നതിനായി പരിശീലനകേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാരിന് പദ്ധതിയുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

1 ( 21) <u>2008-09 ലെ വാർഷിക പദ്ധതി</u>

സംസ്ഥാനത്ത് 2008-09-ൽ 7700.47 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിക്കാണ് കേന്ദ്ര ആസൂത്രണ കമ്മിഷൻ അംഗീകാരം നൽകിയിട്ടുള്ളത്. കൃഷി, ഗ്രാമീണ ചെറുകിട പരമ്പരാഗത വ്യവസായം, സാമൂഹ്യസുരക്ഷിതത്വം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സ്ത്രീപക്ഷബോധവൽക്കരണം, തൊഴിൽ ചെറുകിട ഉൽപ്പന്നങ്ങളുടെ വിപണനം, പോഷകാഹാരം എന്നിവയ്ക്കാണ് പദ്ധതി പ്രത്യേകം ഊന്നൽ നൽകിയിട്ടുള്ളത്.

2 (23) <u>ന്യൂനപക്ഷ ക്ഷേമ വകുപ്പ്</u>

കേന്ദ്രത്തിൽ ന്യൂനപക്ഷ ക്ഷേമത്തിന് ഒരു മന്ത്രാലയം നിലവിലുണ്ട്. കേരളത്തിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ഒരു മൈനോറിറ്റി സെൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

3 ( 62 ) <u>സ്മാർട്ട് സിറ്റി പദ്ധതി</u>

സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി കരാർപ്രകാരം പാട്ടത്തിന് നൽകേണ്ടുന്ന 246 ഏക്കർ സ്ഥലത്തിൽ 234.5375 ഏക്കർ സ്ഥലം 15.11.2007-ൽ എക്സിക്യൂട്ട് ചെയ്ത് ലീസ് ഡീഡ്‌വഴി കൈമാറിക്കഴിഞ്ഞു. 16.11.2007-ൽ

തറക്കല്ലിട്ട പ്രസ്തുത പ്രോജക്ടിന് ഇനി ബാക്കി നൽകാനുള്ള സ്ഥലം ഉടൻതന്നെ നൽകാനുള്ള നടപടി പുരോഗമിക്കുന്നു. സ്മാർട്ട്സിറ്റി പദ്ധതിയെ പ്രത്യേക സാമ്പത്തികമേഖലയാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിക്കായി സ്ഥലം ഒഴിഞ്ഞുകൊടുത്തവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ 6.35 ഏക്കർസ്ഥലം നിരപ്പാക്കി ചുറ്റുമതിൽ, റോഡ്, വൈദ്യുതി, ജലം എന്നിവ തയ്യാറാക്കിക്കഴിഞ്ഞു. പുനരധിവസിപ്പിക്കേണ്ടവരുടെ പേരിൽ പ്ളോട്ടുകൾ പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4 (91) <u>കണ്ണൂർ വിമാനത്താവളം</u>

കണ്ണൂർവിമാനത്താവള നിർമ്മാണത്തിന് കേന്ദ്ര സർക്കാർ തത്വാധിഷ്ഠിത അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. വിമാനത്താവള നിർമ്മാണ പദ്ധതിയുടെ നോഡൽ ഏജൻസിയായി കിൻഫ്രായെ നിയമിച്ചിട്ടുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് 50-ഉം പുനരധിവാസത്തിന് 150-ഉം ഉൾപ്പെടെ 2200 ഏക്കർ സ്ഥലമാണ് വിമാനത്താവളത്തിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്നതിനായി മട്ടന്നൂരിൽ മൂന്ന് സ്പെഷ്യൽ തഹസീൽദാർമാരുടെ ഓഫീസുകളും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കണ്ണൂരിൽ ഡെപ്യൂട്ടി കളക്ടറുടെ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

5 ( 151) <u>ക്ഷീരകർഷകർക്ക് പെൻഷൻ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10990 ക്ഷീരകർഷകർക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷനും 310 പേർക്ക് 125 രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകിവരുന്നു.

6 ( 180) <u>വിഷൻ ഇന്ത്യാ പദ്ധതി</u>

വിവിധ ഏഷ്യൻ രാജ്യങ്ങളിലെ ഫുഡ്ബോൾ നിലവാരം ഉയർത്തുന്നതിനായി ഏഷ്യൻ ഫുഡ്ബോൾ ഫെഡറേഷൻ തയ്യാറാക്കിയിരിക്കുന്ന പദ്ധതിയുടെ ഭാഗമായ "വിഷൻ ഇന്ത്യ പ്രോജക്ട്-കേരള" സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലും കേരളാ ഫുഡ്ബോൾ അസോസിയേഷനും ചേർന്നാണ് നടപ്പിലാക്കുന്നത്. പത്ത് വയസ്സ് പ്രായമുള്ള, അഞ്ച്, ആറ് ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് പ്രസ്തുത പദ്ധതിപ്രകാരം പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. തുടക്കത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെങ്കിലും ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഓരോ ജില്ലയിൽ നിന്നും 8 സ്കൂളുകളെ വീതം തെരഞ്ഞെടുത്ത് ഓരോ സ്കൂളിൽ നിന്നും പരമാവധി 40 കുട്ടികൾക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. പരിശീലനത്തിനാവശ്യമായ പരിശീലകരേയും ഉപകരണങ്ങളും യൂണിഫോമും പോഷകാഹാരവും നൽകുന്നതാണ്.